13
വെള്ളി
മെയ്, 2022
1197 മേടം 30
പേജ് 12, വില ₹ 7.50

മലപ്പുറം
കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | കണ്ണൂർ
കോട്ടയം | തൃശ്ശൂർ | പാലക്കാട് | ആലപ്പുഴ | കൊല്ലം

ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com / deshabhimani
@DBIDaily
@ malappuram@deshabhimani.com

P07
രാജീവ് കുമാർ
മുഖ്യതെരഞ്ഞെടുപ്പ്
കമീഷണർ

വോട്ട് വികസനത്തിന്

സ്വന്തം ലേഖകൻ

കൊച്ചി

നാടിന് ഗുണമുണ്ടാകുന്ന ഏതെങ്കിലും വികസന പദ്ധതിയെ കോൺഗ്രസും യുഡിഎഫും അനുകൂലിച്ചിട്ടുണ്ടോയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ചോദിച്ചു. എല്ലാത്തിനെയും എതിർക്കുകയാണവർ. നാടിന്റെ വികസനവും പുരോഗതിയും ആഗ്രഹിക്കുന്നവർ ഏതുപക്ഷത്തു നിൽക്കണമെന്നതാണ് തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ ഉയരുന്ന പ്രധാന ചോദ്യം. ആറുവർഷത്തെ എൽഡിഎഫ് സർക്കാരിന്റെ ഭരണനേട്ടങ്ങൾ എണ്ണിപ്പറഞ്ഞ മുഖ്യമന്ത്രി, മുന്നോട്ടുള്ള കുതിപ്പിൽ തൃക്കാക്കരകൂടി ഒപ്പമുണ്ടാകണമെന്നും അഭ്യർഥിച്ചു. തൃക്കാക്കര മണ്ഡലം എൽഡിഎഫ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൊച്ചി മെട്രോയുടെ രണ്ടാംഘട്ട വികസനത്തിന് ആവശ്യമായതെല്ലാം എൽഡിഎഫ് സർക്കാർ ചെയ്തുവരികയാണ്. കേന്ദ്രസർക്കാരിൽ നിന്ന് അതിനനുസൃതമായ നടപടികളുണ്ടാകുന്നില്ല. കേന്ദ്രത്തിന്റെ അലംഭാവത്തിനെതിരെ ഒരു പ്ലക്കാർഡ് ഉയർത്തി പ്രതിഷേധിക്കാൻപോലും യുഡിഎഫ് എംപിമാർക്ക് കഴിഞ്ഞിട്ടില്ല. നാടിന്റെയാകെ ആവശ്യമാണ് മെട്രോയുടെ ഇൻഫോപാർക്ക് പാത. എന്നിട്ടും അവർ മിണ്ടുന്നില്ല. എന്നാൽ, ഇവിടുത്തെ വികസനം മുടക്കാൻ ആവശ്യമായതെല്ലാം ചെയ്യുന്നുമുണ്ട്.

കിഫ്ബിയെ പുനരുജ്ജീവിപ്പിച്ചപ്പോൾ പ്രതിപക്ഷം ആക്ഷേപമുയർത്തി. എന്നാൽ, പ്രതിപക്ഷ എംഎൽഎമാരുടെ മണ്ഡലത്തിലുൾപ്പെടെ വലിയ വികസനം നടപ്പായി. അടിസ്ഥാനസൗകര്യ വികസനം ഉൾപ്പെടെ സമസ്തരംഗങ്ങളിലും വൻകുതിപ്പുണ്ടായി. കോവിഡിനെ വികസിത രാജ്യങ്ങളേക്കാൾ ഫലപ്രദമായി നേരിടാൻ ആർദ്രം പദ്ധതി വഴി സാധിച്ചു.

വികസനപക്ഷത്ത് നിൽക്കുന്നതുകൊണ്ടാണ് ദീർഘകാലത്തെ പൊതുപ്രവർത്തന പാരമ്പര്യമുള്ള കെ വി തോമസിനെപ്പോലൊരാൾ എൽഡിഎഫ് വേദിയിലെത്തിയത്. തൃക്കാക്കരയിൽ വലിയ വികസനമാണ് ഉണ്ടാകാൻ പോകുന്നത്. കൊച്ചി മെട്രോയും ജലമെട്രോയും കെ റെയിലും സംഗമിക്കുന്ന ഭാഗമാണ്. കെ റെയിൽ പ്പാതയും മെട്രോ പാതയും മുകളിലും താഴെയുമായി കടന്നുപോകും. കെ റെയിലിനെതിരെ വലിയ എതിർപ്പുയർത്താനാണ് പ്രതിപക്ഷം നോക്കുന്നത്. എന്നാൽ, കെ റെയിൽ പദ്ധതി വരുമെന്ന കാര്യത്തിൽ സംശയം വേണ്ട. എൽഡിഎഫിന് നിറഞ്ഞ നൂറിലേക്ക് എത്താനുള്ള അവസരം തൃക്കാക്കരയിൽ വോട്ടർമാർ കൃത്യമായി വിനിയോഗിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

'സഭയുടെ' പ്രതിനിധിതന്നെ

കൊച്ചി

എൽഡിഎഫ് സ്ഥാനാർഥി ഡോ. ജോ ജോസഫ് സഭയുടെ പ്രതിനിധി തന്നെയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 'പ്രതിപക്ഷം പറയുന്നു അദ്ദേഹം സഭയുടെ പ്രതിനിധിയാണെന്ന്. അങ്ങനെതന്നെ ഞാനും പറയും. നിയമസഭയിലെ പ്രതിനിധിയായി തൃക്കാക്കരയിൽനിന്ന് ജയിച്ചുവരേണ്ടയാൾ'. എൽഡിഎഫ് സർക്കാരിന്റെ വികസന ക്ഷേമ പദ്ധതികൾ മണ്ഡലത്തിൽ നടപ്പാക്കാൻ തൃക്കാക്കരയുടെ പ്രതിനിധിയായി ജോ ജോസഫ് ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തൃക്കാക്കരയിലെ എൽഡിഎഫ് മണ്ഡലം തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനംചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ സ്ഥാനാർഥി ഡോ. ജോ ജോസഫിന് ഹസ്തദാനം നൽകുന്നു. കെ വി തോമസ് സമീപം ഫോട്ടോ: സുനോജ് നൈനാൻ മാത്യു

എൽഡിഎഫ് വേദിയിലെത്തി, കെ വി തോമസിനെ കോൺഗ്രസ് പുറത്താക്കി

ജയ്പൂർ

മുതിർന്ന കോൺഗ്രസ് നേതാവും എഐസിസി അംഗവുമായ കെ വി തോമസിനെ കോൺഗ്രസിൽ നിന്ന് പുറത്താക്കിയതായി കെപിസിസി അധ്യക്ഷൻ കെ സുധാകരൻ ജയ്പുരിൽ പറഞ്ഞു. തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് കൺവീനർ ഇ പി ജയരാജൻ ഷാൾ അണിയിച്ചു. തിങ്ങിനിറഞ്ഞ സദസ്സ് മുദ്രാവാക്യം വിളിയോടെയാണ് സ്വീകരിച്ചത്.

അൽപ്പനേരം പ്രസംഗം നിർത്തി മുഖ്യമന്ത്രി കെ വി തോമസിനെ സ്വീകരിച്ചു. വൈകാൻ കാരണം റോഡിലെ തിരക്കാണെന്നും കെ റെയിൽപോലുള്ള പദ്ധതിയുടെ ആവശ്യമാണ് ഇതു കാണിക്കുന്നതെന്നും മുഖ്യമന്ത്രിയോട് പറഞ്ഞശേഷമാണ് അദ്ദേഹം ഇരിപ്പിടത്തിലേക്കു നീങ്ങിയത്. വികസനത്തിനു പച്ചക്കൊടി കാണിക്കുന്ന സർക്കാരാണിതെന്നും പിണറായി വിജയനൊപ്പം നിൽക്കുന്നതിൽ അഭിമാനമേയുള്ളൂവെന്നും കെ വി തോമസ് പറഞ്ഞു.

P05
തൃക്കാക്കരയെ ത്രസിപ്പിച്ച് ജനനായകൻ

റനിൽ വിക്രമസിംഗെ ലങ്കൻ പ്രധാനമന്ത്രി

കൊളംബോ

ജനകീയപ്രതിഷേധം അഭ്യന്തരകലാപത്തിലേക്ക് വഴിമാറുന്ന ശ്രീലങ്കയിൽ സ്ഥാനമൊഴിയേണ്ടിവന്ന അനുജൻ മഹിന്ദയ്ക്കുപകരം വിശ്വസ്തനായ റനിൽ വിക്രമസിംഗെയെ പുതിയ പ്രധാനമന്ത്രിയായി നിയമിച്ച് പ്രസിഡന്റ് ഗോതബായ രജപക്സെ. യുണൈറ്റഡ് നാഷണൽ പാർടി (യുഎൻപി) നേതാവായ വിക്രമസിംഗെ വ്യാഴാഴ്ച വൈകിട്ട് പ്രസിഡന്റിന്റെ ഓഫീസിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മന്ത്രിസഭാംഗങ്ങളെ വെള്ളിയാഴ്ച നിയമിക്കും. രജപക്സെ സഹോദരങ്ങൾക്ക് സംരക്ഷണം ഒരുക്കാൻ വേണ്ടിയുള്ള നിയമനമാണിതെന്ന് പ്രതിപക്ഷം പ്രതികരിച്ചു.

എഴുപത്തിമൂന്നുകാരനായ വിക്രമസിംഗെ ആറാം തവണയാണ് പ്രധാനമന്ത്രിയാകുന്നത്. ഒരിക്കലും കാലാവധി തികച്ചിട്ടില്ല. പ്രധാനമന്ത്രിയായി തുടരാൻ സഭയിൽ പിന്തുണ തെളിയിക്കണം. ഉടൻ വിശ്വാസ വോട്ടെടുപ്പ് നടത്തിയേക്കും. യുഎൻപിയുടെ ഏക എംപിയാണ് റനിൽ വിക്രമസിംഗെ. 2020ലെ പൊതുതെരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും തോറ്റു. ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിലൂടെയാണ് സഭയിൽ അംഗത്വം ലഭിച്ചത്. ഭരണകക്ഷിയായ എസ്എൽപിപിയുടെ പിന്തുണ വിക്രമസിംഗെയ്ക്കുണ്ട്.അതേസമയം, പ്രസിഡന്റ് രാജിവച്ചാൽ സർക്കാർ രൂപീകരിക്കാൻ തയ്യാറാണെന്ന് പ്രതിപക്ഷ നേതാവായ സജിത്ത് പ്രേമദാസ് പ്രതികരിച്ചു.

P07
രജപക്സെ രാജ്യം വിടുന്നത് വിലക്കി

ക്രെയിൻ, ഫോർക്ക്ലിഫ്റ്റ്
ജെസിബി, ഹിറ്റാച്ചി
ഒരു വർഷ ഹെവി ഹൈഡ്രോളിക് മെക്കാനിക്കൽ കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.
സൗജന്യ ഓപ്പറേറ്റിംഗ് & ഹോസ്റ്റൽ
(*ഗവൺമെന്റ് ലൈസൻസ്)
HI-TECH COLLEGE
Thrissur. Ph: 9072577999
9387287267, 9656215505